ആകാശ ചിറകിലേറി ശിശുദിന യാത്ര

പാറശാല

ഭാവിയിൽ ഉയരങ്ങൾ കീഴടക്കണമെന്ന് ഉദ്ബോധിപ്പിച്ച് ശിശുദിനത്തിൽ കുട്ടികളുടെ വിമാനയാത്ര. പാറശാല വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ നാൽപ്പതോളം കുട്ടികളാണ് പഠനയാത്രയുടെ ഭാഗമായി വിമാനയാത്ര നടത്തിയത്. എറണാകുളം ഇന്റർനാഷണൽ എയർപോർട്ടിൽനിന്ന് തിരുവനന്തപുരം വരെയായിരുന്നു യാത്ര.

ഇൻഡിഗോ എയർലൈൻസ് ഒരുക്കിയ പ്രത്യേക യാത്രയിൽ രക്ഷിതാക്കളും അധ്യാപകരും കുട്ടികളെ അനുഗമിച്ചു. യാത്രാരംഭത്തിലും അവസാനത്തിലും ഇൻഡിഗോ അധികൃതർ ആശംസാ കൂട്ടായ്മയും ഒരുക്കി, സ്നേഹ സമ്മാനങ്ങളും നൽകി. കുട്ടികൾക്ക് ഉയരങ്ങളിലെത്താൻ യാത്ര പ്രേരണയാകുമെന്ന് പ്രധാന ധ്യാപിക മേരി പറഞ്ഞു.

ശിശുദിനത്തിൽ പാറശാല വിഎച്ച്എസ്എസിലെ കുട്ടികളുടെ വിമാനയാത്ര

ചെറുമഴയത്തൊരു ചിരിഗാന്ധി ...

സംസ്ഥാന ശിശുക്ഷേമ സമിതി തിരുവനന്തപുരത്ത് സംഘടിപ്പിച്ച ശിശുദിന റാലിക്കിടെ മഴ ചാറിയതോടെ അധ്യാപകനോടൊപ്പം ഓടിയെത്തുന്ന വഴുതക്കാട് റോട്ടറി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ചിൽഡ്രൻ ഇൻ സ്പെഷ്യൽ കെയറിൽനിന്ന് ഗാന്ധിജിയായി എത്തിയ കൊച്ചുമിടുക്കൻ വൈഭവ്. കുട്ടികൾക്കിണങ്ങിയ ലോകം, ബാലസൗഹൃദ കേരളം എന്നീ സന്ദേശങ്ങളുയർത്തിയാണ് ഇത്തവണത്തെ ആഘോഷങ്ങൾ ഫോട്ടോ/മിഥുൻ അനില മിത്രൻ

നിശാഗന്ധിയിൽ ഈണമായി അനന്യ

സ്വന്തം ലേഖിക

തിരുവനന്തപുരം

നിശാഗന്ധിയിലെ ശിശുദിനാഘോഷത്തിനിടെ സദസ്സിൽനിന്ന് വേദിയിലെത്തി പാടി അതിശയമായി അനന്യ ബിജേഷ്. 'മൈനാകം കടലിൽ നിന്നുയരുന്നുവോ' എന്ന പാട്ടിലൂടെയാണ് അനന്യ നിശാഗന്ധിയെ കീഴടക്കിയത്. പാട്ടുകഴിഞ്ഞയുടൻ വേദിയിലുണ്ടായിരുന്ന മന്ത്രി വീണാ ജോർജ് ഓടിയെത്തി അനന്യയെ വാരിപ്പുണർന്നു നെറുകയിൽ ഉമ്മ നൽകി. ഒപ്പം സദസ്സിൽനിന്ന് നിർത്താതെയുള്ള കരഘോഷം.

വഴുതക്കാട് റോട്ടറി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ചിൽഡ്രൻ ഇൻ നീഡ് ഓഫ് സ്പെഷ്യൽ കെയറിലെ വിദ്യാർഥിയാണ് ഈ പതിനെട്ടുകാരി. പാട്ടുപാടാനും കേൾക്കാനും ഇഷ്ടപ്പെടുന്ന അനന്യ ശാസ്ത്രീയ സംഗീതത്തിലും കീബോർഡിലും പരിശീലനം ലഭിച്ചിട്ടുണ്ട്. കൊല്ലം ശൂരനാട് സ്വദേശിയും ആർബിഐ ഉദ്യോഗസ്ഥനുമായ ബിജേഷിന്റെയും അനുപമയുടെയും മകളാണ്. വനിതാ ശിശുവികസന വകുപ്പിന്റെ ഈ വർഷത്തെ ഉജ്വലബാല്യ പുരസ്കാരജേതാവുമാണ്.

'രണ്ടുവയസ്സായിട്ടും കാർട്ടൂണുകളിലെ പാട്ടുകൾമാത്രം മൂളുകയും എന്നാൽ, സംസാരിക്കാൻ മടിക്കാണിക്കുകയും ചെയ്തപ്പോഴാണ് ഡോക്ടറെ കാണിച്ചത്. പരിശോധനയിലാണ് കുഞ്ഞിന് ഓട്ടിസമാണെന്ന് തിരിച്ചറിഞ്ഞത്. ആദ്യമൊരു ഞെട്ടലായിരുന്നെങ്കിലും പിന്നീട് ഓട്ടിസത്തെക്കുറിച്ചും അവളുടെ ഇഷ്ടങ്ങളെക്കുറിച്ചും കൂടുതൽ മനസ്സിലാക്കിത്തുടങ്ങി. കരോക്കെ കേട്ട് മനസ്സിൽ പതിപ്പിച്ച പാട്ടുകൾ പാടിയാണ് തുടക്കമെന്ന് അമ്മ അനുപമ പറഞ്ഞു. പാട്ടിനൊപ്പം കംപ്യൂട്ടർ, മൊബൈൽ ആപ്പുകളിലേക്ക് അനന്യയുടെ ശ്രദ്ധതിരിച്ചുവിടാനുള്ള മാതാപിതാക്കളുടെ ശ്രമവും വിജയമായിരുന്നു.

യൂട്യൂബിൽ പാട്ടുകൾ കണ്ടെത്തി പഠിക്കാനും കീബോർഡിന്റെ ആപ് സ്വയം ഉപയോഗിക്കാനും ഇത് അനന്യയെ സഹായിച്ചുവെന്ന് അച്ഛൻ ബിജേഷ് പറഞ്ഞു. പാങ്ങോട് കേന്ദ്രീയ വിദ്യാലയത്തിലെ പ്ലസ് വൺ വിദ്യാർഥി ആരോൺ സഹോദരനാണ്.

അനന്യയും അമ്മ അനുപമയും

കിരീടം നിലനിർത്തി വെള്ളായണി സ്കൂൾ

തിരുവനന്തപുരം

ശിശുദിനത്തോടനുബന്ധിച്ച് ശിശുക്ഷേമ സമിതി സംസ്ഥാനതലത്തിൽ ജില്ലയിലെ സ്കൂൾ കുട്ടികളെ പങ്കെടുപ്പിച്ച് നടത്തിയ റാലിയിൽ വെള്ളായണി ലിറ്റിൽ ഫ്ലവർ സ്കൂൾ ഒന്നാം സ്ഥാനം നേടി. തുടർച്ചയായി പതിനഞ്ചാം തവണയാണ് സ്കൂൾ എവർ റോളിങ് കിരീടം നിലനിർത്തിയത്.

പേരൂർക്കട ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിന് രണ്ടാം സ്ഥാനവും വഴുതക്കാട് കാർമൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിന് മൂന്നാം സ്ഥാനവും ലഭിച്ചു. നാലായിരത്തോളം കുട്ടികളാണ് റാലിയിൽ പങ്കെടുത്തത്.

വിഴിഞ്ഞം തുറമുഖം

കട്ടമരത്തൊഴിലാളികൾക്ക് ധനസഹായ കൈമാറ്റം ഇന്ന്

53 തൊഴിലാളികൾക്ക് 4.20 ലക്ഷം വീതം

തിരുവനന്തപുരം

വിഴിഞ്ഞം തുറമുഖ നിർമാണവുമായി ബന്ധപ്പെട്ട് തൊഴിൽ നഷ്ടപ്പെട്ട കട്ടമരത്തൊഴിലാളികൾക്കായി സംസ്ഥാന സർക്കാർ അനുവദിച്ച ധനസഹായം ബുധനാഴ്ച വിതരണം ചെയ്യും. രാവിലെ 10.30ന് കോവളം അനിമേഷൻ സെന്റർ ഹാളിൽ നടക്കുന്ന ചടങ്ങിൽ മന്ത്രിമാരായ അഹമ്മദ് ദേവർകോവിൽ, സജി ചെറിയാൻ, എം വിൻസെന്റ് എംഎൽഎ തുടങ്ങിയവർ പങ്കെടുക്കും. വിഴിഞ്ഞം സൗത്ത് കടപ്പുറത്തെ 53 കട്ടമരത്തൊഴിലാളികൾക്ക് 4.20 ലക്ഷം രൂപ വിതം ആകെ രണ്ടു കോടി ഇരുപത്തിരണ്ട് ലക്ഷത്തി അറുപതിനായിരം രൂപയാണ് നൽകുക.

ജില്ലാ കലക്ടറുടെ അധ്യക്ഷതയിലുള്ള അപ്പീൽ കമ്മിറ്റി നഷ്ടപരിഹാരത്തിന് അർഹരാണെന്ന് കണ്ടെത്തിയതും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനി ശുപാർശ ചെയ്തതുമായ തൊഴിലാളികൾക്കാണ് നഷ്ടപരിഹാരം നൽകുന്നത്. 82,440 രൂപ വിതമാണ് കട്ടമരത്തൊഴിലാളികൾക്ക് അർഹമായ നഷ്ടപരിഹാരമായി ആദ്യം വിലയിരുത്തിയതെങ്കിലും കട്ടമര ഉടമസ്ഥർക്ക് ഭാഗികമായ ജീവനോപാധി നഷ്ടം സംഭവിക്കുന്നുവെന്ന ജീവനോപാധി ആഘാത വിലയിരുത്തൽ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തുക വർധിപ്പിച്ചത്.

മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീമിന്റെ ഇപ്പോഴത്തെ ദിനബത്തയായ 333 രൂപ അടിസ്ഥാനമാക്കി പ്രതിവർഷം 180 തൊഴിൽ ദിനങ്ങൾ എന്ന രീതിയിൽ ബ്രേക്ക് വാട്ടർ നിർമാണം നീണ്ടുപോയ ഏഴു വർഷത്തേക്കുള്ള നഷ്ടപരിഹാരമാണ് അനുവദിച്ചത്. വിഴിഞ്ഞത്തെ മത്സ്യത്തൊഴിലാളികളുടെ നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് വിഴിഞ്ഞം ലത്തീൻ ഇടവക പ്രതിനിധികളുമായി മന്ത്രി സജി ചെറിയാൻ ഒക്ടോബറിൽ ചർച്ച നടത്തിയിരുന്നു.

ജനുവരിയിൽ കാണാം 800 മീറ്റർ ബർത്ത്

സ്വന്തം ലേഖകൻ

തിരുവനന്തപുരം

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് 400 മീറ്റർ ബർത്തിന്റെ നിർമാണംകൂടി ജനുവരിയിൽ പൂർത്തിയാകും. നിലവിൽ 400 മീറ്റർ ബർത്തിന്റെ നിർമാണം പൂർത്തിയായിട്ടുണ്ട്. ഈ ബർത്തിലാണ് ചൈനയിൽനിന്ന് ക്രെയിനുകളുമായി വരുന്ന കപ്പലുകൾ അടുപ്പിക്കുന്നത്. നവംബർ ആദ്യം പുലിമുട്ടിന്റെ നിർമാണവും പുനരാരംഭിച്ചു.

നിലവിലുള്ള ബർത്തിനോട് അനുബന്ധിച്ച് നാല് ഷിപ് ടു ഷോർ ക്രെയിനുകളും പത്ത് യാർഡ് ക്രെയിനുകളുമാണ് സ്ഥാപിക്കാൻ കഴിയുക. ആദ്യ കപ്പൽ ഷെൻഹുവ 15ൽ എത്തിച്ച മൂന്നു ക്രെയിനുകൾ തുറമുഖത്ത് സ്ഥാപിച്ചു. അതിൽ ഒന്ന് ഷിപ് ടു ഷോർ ക്രെയിനുകളും രണ്ടെണ്ണം യാർഡ് ക്രെയിനുകളുമാണ്. തീരത്ത് അടുത്ത ഷെൻഹുവ 29ൽ ഒരു ഷിപ് ടു ഷോർ ക്രെയിനാണുള്ളത്. ഇത് ബുധൻ രാവിലെ ഇറക്കും. ഇതോടെ നാല് ക്രെയിനുകളാകും. ഈമാസം 27ന് തീരത്ത് എത്തുമെന്ന് കരുതുന്ന ഷെൻഹുവ 24ൽ ആറ് യാർഡ് ക്രെയിനുകളുണ്ടാകും. ഡിസംബർ 15ന് എത്തുന്ന ഷെൻഹുവ 15ൽ രണ്ട് ഷിപ് ടു ഷോർ ക്രെയിനുകളും നാല് യാർഡ് ക്രെയിനുകളും.

ഷെൻഹുവ 29ൽനിന്ന് ഇന്ന് ക്രെയിൻ ഇറക്കും

വിഴിഞ്ഞം തുറമുഖത്ത് സ്ഥാപിച്ച ക്രെയിനുകൾ

സാഹിത്യ മത്സരങ്ങൾ ഡിസംബർ രണ്ടിനും മൂന്നിനും

വർക്കല

91–ാമത് ശിവഗിരി തീർഥാടന മഹോത്സവത്തിന്റെ ഭാഗമായി 25നും 26നും നടത്താനിരുന്ന കലാസാഹിത്യ മത്സരങ്ങൾ സിബിഎസ്ഇ സംസ്ഥാന മത്സരം നടക്കുന്നതിനാൽ ഡിസംബർ രണ്ട്, മൂന്ന് തീയതികളിലേക്ക് മാറ്റി. മത്സര വിഷയങ്ങൾ, സമയം, മത്സര കേന്ദ്രങ്ങൾ എന്നിവയിൽ മാറ്റമുണ്ടാകില്ല. ഫോൺ: 9447033466, 9072456132.

ജില്ലാ സ്കൂൾ ശാസ്ത്രോത്സവം ഇന്ന് തുടങ്ങും

തിരുവനന്തപുരം

റവന്യു ജില്ലാ സ്കൂൾ ശാസ്ത്രോത്സവവും വൊക്കേഷണൽ എക്സ്പോയും ബുധൻ മുതൽ വെള്ളിവരെ കോട്ടൺഹിൽ ജിഎച്ച്എസ്എസിൽ നടക്കും. ശാസ്ത്ര, ഗണിത, സാമൂഹികശാസ്ത്ര, ഐടി മേളകളിലായി അയ്യായിരം വിദ്യാർഥികൾ ഭാഗമാകും. ശാസ്ത്രമേള ബുധൻ രാവിലെ 9.30ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി സുരേഷ്കുമാർ ഉദ്ഘാടനം ചെയ്യും. 17ന് സമാപന സമ്മേളനം മന്ത്രി ആന്റണി രാജു ഉദ്ഘാടനം ചെയ്യും.

'ക്യാപ്റ്റൻ ലക്ഷ്മി' പ്രകാശനം ഇന്ന്

തിരുവനന്തപുരം

മുതിർന്ന മാധ്യമപ്രവർത്തക ആർ പാർവതി ദേവി രചിച്ച ക്യാപ്റ്റൻ ലക്ഷ്മിയുടെ ജീവചരിത്രം ബുധനാഴ്ച പ്രകാശിപ്പിക്കും. വൈകിട്ട് അഞ്ചിന് മാസ്കറ്റ് ഹോട്ടലിലെ സൊണാറ്റ ഹാളിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശനം നിർവഹിക്കും.

സിപിഐ എം പൊളിറ്റ് ബ്യൂറോ അംഗം സുഭാഷിണി അലി പുസ്തകം ഏറ്റുവാങ്ങും. പിഎസ്‌സി ചെയർമാൻ ഡോ. എം ആർ ബൈജു അധ്യക്ഷനാകും. നാഷണൽ ബുക്ക് ട്രസ്റ്റാണ് പ്രസാധകർ.

തീരമൈത്രി പദ്ധതിയിൽ മിഷൻ കോ-ഓർഡിനേറ്റർ ഒഴിവ്

തിരുവനന്തപുരം

ജില്ലയിൽ തീരമൈത്രി പദ്ധതിയിലേക്ക് മിഷൻ കോ–ഓർഡിനേറ്റർ തസ്തികയിൽ ഒരു വർഷത്തേക്ക് കരാർ നിയമനം നടത്തും. എംബിഎ (മാർക്കറ്റിങ്) അല്ലെങ്കിൽ എംഎസ്ഡബ്ല്യു (കമ്യൂണിറ്റി ഡെവലപ്മെന്റ്) എന്നിവയാണ് യോഗ്യത. ടൂവീലർ ലൈസൻസ് അഭിലഷണീയം. പ്രായപരിധി 35.

സ്വയം സാക്ഷ്യപ്പെടുത്തിയ ബയോഡാറ്റയും വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും സഹിതം 30ന് മുമ്പായി വിഴിഞ്ഞം ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ആൻഡ് സാഫ് നോഡൽ ഓഫീസിൽ അപേക്ഷിക്കണം.ഫോൺ: 9847907161, 9895332871.

ചരിത്രം സൃഷ്ടിച്ച 125 വർഷങ്ങളിൽ വിമൻസ് കോളേജ്

ശതോത്തര രജത ജൂബിലി ആഘോഷങ്ങൾക്ക് ഇന്ന് തുടക്കം

തിരുവനന്തപുരം

വിദ്യാഭ്യാസത്തിലൂടെ സ്ത്രീശാക്തീകരണമെന്ന ലക്ഷ്യം നടപ്പാക്കിയുള്ള 125 വർഷങ്ങൾ ആഘോഷമാക്കി തിരുവനന്തപുരം ഗവ. വിമൻസ് കോളേജ്. ഒരുവർഷത്തെ വാർഷികാഘോഷം ബുധൻ പകൽ 11.30ന് കോളേജ് ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനംചെയ്യും. മന്ത്രി ആർ ബിന്ദു അധ്യക്ഷയാകും. മന്ത്രി ആന്റണി രാജു വാർഷികാഘോഷ പ്രചാരണ വീഡിയോ പ്രകാശിപ്പിക്കും.

ദേശീയ–അന്തർദേശീയ സെമിനാർ പരമ്പര, ഗവേഷണ കോൺഫറൻസ്, എക്സിബിഷൻ, കലാസാംസ്കാരിക പരിപാടികൾ, അക്കാദമിക പരിപാടികൾ, വിവിധ കോളേജുകളിലെ വിദ്യാർഥികളെ പങ്കെടുപ്പിച്ചുള്ള മേളകൾ തുടങ്ങിയവ നടക്കുമെന്ന് പ്രിൻസിപ്പൽ ഡോ. വി കെ അനുരാധ പറഞ്ഞു. 125 വിദ്യാർഥിനികൾക്ക് ഇന്റേൺഷിപ് സൗകര്യമൊരുക്കും. വനിതാ സംരംഭകരുടെ കൂട്ടായ്മയും സംഘടിപ്പിക്കും. കൂടാതെ വയോജനങ്ങൾക്കുള്ള സഹായ പദ്ധതി, ഗ്രാമപ്രദേശങ്ങളിൽ സ്കൂൾ വിദ്യാർഥികൾക്ക് മാനസിക സാമൂഹിക മേഖലകളിൽ മാർഗനിർദേശം നൽകുന്ന പദ്ധതി എന്നിവയും നടപ്പാക്കുമെന്ന് അവർ പറഞ്ഞു. വൈസ് പ്രിൻസിപ്പൽ ജെ എസ് അനില, കെ എൻ അശോക് കുമാർ, ഡോ. എസ് എച്ച് എസ് ധർമജ, ഷിജു ജോസ് എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

തൊഴിലുറപ്പ് തൊഴിലാളികളുടെ മാർച്ചും ഉപരോധവും ഇന്ന്

തിരുവനന്തപുരം

വിവിധ ആവശ്യങ്ങളുന്നയിച്ച് എൻആർഇജി വർക്കേഴ്സ് യൂണിയൻ ബുധനാഴ്ച പഞ്ചായത്ത് കേന്ദ്രങ്ങളിലേക്ക് മാർച്ചും കേന്ദ്ര സർക്കാർ ഓഫീസുകൾക്കുമുന്നിൽ ഉപരോധസമരവും സംഘടിപ്പിക്കും.

തൊഴിലുറപ്പ് പദ്ധതിയെ തകർക്കുന്ന കേന്ദ്രസർക്കാർ നടപടി അവസാനിപ്പിക്കുക, മതിയായ തൊഴിൽദിനങ്ങൾ അനുവദിക്കുന്ന തരത്തിൽ ലേബർ ബജറ്റ് വർധിപ്പിക്കുക, പദ്ധതിക്ക് ആവശ്യത്തിന് തുക നീക്കി വയ്ക്കുക, കൂലി 600 രൂപയാക്കി യഥാസമയം നൽകുക, തൊഴിൽ ദിനം 200 ആക്കി ഗ്രാമീണ ദാരിദ്ര്യം ഇല്ലാതാക്കുക തുടങ്ങിയവയാണ് ആവശ്യങ്ങൾ.

ബാലരാമപുരം പഞ്ചായത്ത് കേന്ദ്രത്തിലെ സമരം എൻആർഇജി സംസ്ഥാന സെക്രട്ടറി എസ് രാജേന്ദ്രനും വെമ്പായം പഞ്ചായത്ത് കേന്ദ്രത്തിലെ സമരം ജില്ലാ സെക്രട്ടറി സി അജയകുമാറും കുന്നത്തുകാൽ പഞ്ചായത്ത് കേന്ദ്രത്തിൽ സി കെ ഹരീന്ദ്രൻ എംഎൽഎയും ചിറയിൻകീഴ് പഞ്ചായത്തിൽ എസ് ഷൈലജാ ബീഗവും കിളിമാനൂർ പഞ്ചായത്തിൽ മടവൂർ അനിലും ഉദ്ഘാടനം ചെയ്യും. മുഴുവൻ തൊഴിലുറപ്പ് തൊഴിലാളികളും സഹകരിക്കണമെന്ന് എൻആർഇജി വർക്കേഴ്സ് യൂണിയൻ ജില്ലാ പ്രസിഡന്റ് എസ് ഷൈലജാബീഗവും സെക്രട്ടറി സി അജയകുമാറും അഭ്യർഥിച്ചു.

പിഎഫ് പെൻഷൻകാരുടെ പ്രതിഷേധ കൂട്ടായ്മ നാളെ

തിരുവനന്തപുരം

കേന്ദ്രസർക്കാരും ഇപിഎഫ്ഒയും തുടരുന്ന അവഗണനയിൽ പ്രതിഷേധിച്ച് പെൻഷൻ ദിനമായ വ്യാഴാഴ്ച പിഎഫ് പെൻഷൻകാർ രാജ്യവ്യാപകമായി പ്രതിഷേധ കൂട്ടായ്മകൾ സംഘടിപ്പിക്കും. ഓൾ ഇന്ത്യ കോഓർഡിനേഷൻ കമ്മിറ്റിയുടെ ആഹ്വാനപ്രകാരം സംസ്ഥാനത്തും പ്രതിഷേധം സംഘടിപ്പിക്കും. തിരുവനന്തപുരത്ത് പട്ടം പിഎഫ് ഓഫീസിനു മുന്നിൽ നടക്കുന്ന പ്രതിഷേധം ഐഎൻടിയുസി ദേശീയ സെക്രട്ടറി വി ജെ ജോസഫ് ഉദ്ഘാടനം ചെയ്യും.

മിനിമം പെൻഷൻ 9000 രൂപയാക്കുക, ക്ഷാമബത്ത ഏർപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങളോട് മുഖംതിരിക്കുകയും ഹയർ പെൻഷൻ നൽകണമെന്ന സുപ്രീംകോടതി വിധി നടപ്പാക്കാതിരിക്കുകയും ചെയ്യുന്ന അധികാരികളുടെ നിലപാടിനെതിരെയാണ് പ്രതിഷേധം. കൂട്ടായ്മ വിജയിപ്പിക്കണമെന്ന് പിഎഫ്പിഎ ജില്ലാ ഭാരവാഹികളായ എം ചന്ദ്രബോസും പി ജി രാജേന്ദ്രനും പ്രസ്താവനയിൽ അഭ്യർഥിച്ചു.

തടി ഇ ലേലം

തിരുവനന്തപുരം

വനം വകുപ്പ് തിരുവനന്തപുരം ടിംബർ സെയിൽസ് ഡിവിഷന്റെ കീഴിലുള്ള തടി ഡിപ്പോകളിൽ ഇ ലേലം നടത്തും. തേക്ക്, മറ്റു തടികൾ എന്നിവയാണ് ഈ ലേലം ചെയ്യുന്നത്. രജിസ്ട്രേഷന് വെബ്സൈറ്റ് www.mstceccomerce.com, www.forest.kerala.gov.in. ഫോൺ: 047123601666 .

കളിയിക്കാവിള-കരുനാഗപ്പള്ളി തീരദേശ ബസ് സർവീസ് ഇന്ന് മുതൽ

മന്ത്രി ആന്റണി രാജു ഫ്ലാഗ് ഓഫ് ചെയ്യും

തിരുവനന്തപുരം

തമിഴ്നാട്ടിലെ കളിയിക്കാവിളയിൽ നിന്നും കരുനാഗപ്പള്ളിയിലേക്ക് തീരദേശ കെഎസ്ആർടിസി ബസ് സർവീസുകൾ ബുധനാഴ്ച ആരംഭിക്കും. വൈകിട്ട് അഞ്ചിന് വെട്ടുകാട്ടിൽ മന്ത്രി ആന്റണി രാജു ഫ്ലാഗ് ഓഫ് ചെയ്യും. കളിയിക്കാവിളയിൽനിന്ന് പാറശാല, പൂവാർ, വിഴിഞ്ഞം, പൂന്തുറ, ബീമാപള്ളി, വലിയതുറ, ശംഖുംമുഖം, കണ്ണാന്തുറ, വെട്ടുകാട്, വേളി, സെന്റ് ആൻഡ്രൂസ്, പെരുമാതുറ, അഞ്ചുതെങ്ങ്, വർക്കല, കാപ്പിൽ, പരവൂർ, ഇരവിപുരം, കൊല്ലം, നീണ്ടകര, ചവറ വഴി കരുനാഗപ്പള്ളി വരെയും തിരിച്ചും രണ്ട് ഫാസ്റ്റ് പാസഞ്ചർ ബസുകളാണ് സർവീസ് നടത്തുന്നത്. കളിയിക്കാവിളയിൽ നിന്നും കരുനാഗപ്പള്ളിയിൽ നിന്നും രാവിലെ 4.30ന് ആദ്യ സർവീസ് ആരംഭിച്ച് രാത്രി 11.25ന് അവസാനിക്കുന്ന വിധത്തിൽ രണ്ട് ബസുകൾ നാല് സർവീസുകൾ വീതം നടത്തും. തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ തീരദേശവാസികളുടെ യാത്രാ ക്ലേശം പരിഹരിക്കുന്നതിനും വിനോദ സഞ്ചാരത്തിനും ബസ് സർവീസ് സഹായകരമാകും.

അഭന്യയുടെ ഹൃദയവാൽവുകൾ 2 പേർക്ക്

നെയ്യാറ്റിൻകര

കെഎസ്ആർടിസി കാട്ടാക്കട ഡിപ്പോയിൽ ബസിടിച്ച് മരിച്ച അഭന്യയുടെ ഹൃദയവാൽവുകൾ രണ്ടുപേർക്ക് പുതുജീവനേകും. മകളുടെ ചേതനയറ്റ ശരീരം ഏറ്റുവാങ്ങാനെത്തിയ അച്ഛൻ ബിജു വിങ്ങുന്ന മനസ്സോടെ സമ്മതപത്രം ശ്രീചിത്രാ മെഡിക്കൽ സെന്ററിന് കൈമാറി. കാട്ടാക്കട ക്രിസ്ത്യൻ കോളേജിലെ വിദ്യാർഥിനിയായിരുന്ന അഭന്യ തിങ്കളാഴ്ച വൈകിട്ടാണ് അപകടത്തിൽപ്പെട്ടത്. അച്ഛൻ പെരുമ്പഴുതൂർ മുട്ടയ്ക്കാട് ചെമ്പകപാറ കിഴക്കേ വട്ടവിള പുത്തൻവീട്ടിൽ ബിജുവും അമ്മ സുജാതയും സിപിഐ എം മുട്ടയ്ക്കാട് ബ്രാഞ്ച് കമ്മിറ്റിയംഗങ്ങളാണ്. മകളുടെ അകാല വിയോഗം ഏൽപ്പിച്ച ദുഃഖത്തിനിടയിലും അവയവദാനത്തിലൂടെ അവർ നാടിന് മാതൃകയായി.

അഭന്യ

ചൊവ്വ പകൽ പതിനൊന്നരയോടെ പോസ്റ്റുമോർട്ടം നടപടികൾ ആരംഭിച്ചു. പൾമണറി , അയോർട്ടിക് വാൽവുകളാണ് ശ്രീചിത്ര സ്വീകരിച്ചത്. പന്ത്രണ്ടരയോടെ നടപടികൾ പൂർത്തിയാക്കി മൃതദേഹം നാട്ടിലേക്കു കൊണ്ടുപോയി.

കാട്ടക്കട ക്രിസ്ത്യൻ കോളേജിലും തുടർന്ന് വീട്ടിലും പൊതുദർശനത്തിനുവച്ചു. എംഎൽഎമാരായ കെ ആൻസലൻ, എം വിൻസന്റ്, മുനിസിപ്പൽ ചെയർമാൻ പി കെ രാജ്മോഹൻ, ഡിവൈഎഫ്ഐ ജില്ലാ പ്രസിഡന്റ് ഷിജുഖാൻ, സിപിഐ എം ഏരിയ സെക്രട്ടറി ടി ശ്രീകുമാർ തുടങ്ങിയവർ അന്ത്യാപചാരമർപ്പിച്ചു.

എം കെ കൃഷ്ണൻ അനുസ്മരണ ദിനത്തിൽ കർഷക തൊഴിലാളി യൂണിയൻ സംസ്ഥാന കമ്മിറ്റി ഓഫീസിൽ സംസ്ഥാന എക്സിക്യൂട്ടീവ് അംഗം കെ കെ ശശാങ്കൻ പതാക ഉയർത്തുന്നു

8 വയസ്സുകാരിയെ പീഡിപ്പിച്ചയാൾക്ക് 48 വർഷം തടവും പിഴയും

കാട്ടാക്കട

ബന്ധുവായ എട്ടുവയസ്സുകാരിയെ പീഡിപ്പിച്ച 58കാരന് 48 വർഷം കഠിന തടവും രണ്ട് ലക്ഷം രൂപ പിഴയും. വിളപ്പിൽശാല തുരുത്തുംമൂല സ്വദേശിയെയാണ് കാട്ടാക്കട അതിവേഗ പോക്സോ കോടതി ജഡ്ജി എസ് രമേഷ്കുമാർ ശിക്ഷിച്ചത്. പിഴത്തുക അതിജീവിതയ്ക്ക് നൽകണം. 2016 ഡിസംബറിലാണ് കേസിനാസ്പദമായ സംഭവം. അതിജീവിതയെയും സഹോദരനെയും അടുത്ത ബന്ധുവായ പ്രതി സ്വന്തം വീട്ടിലെത്തിക്കുകയും പിന്നീട് സഹോദരനെ പുറത്താക്കിയ ശേഷം കുട്ടിയെ പീഡിപ്പിക്കുകയായിരുന്നു. മാതാപിതാക്കൾ വിളപ്പിൽശാല പൊലീസിൽ നൽകിയ പരാതിയിൽ മലയിൻകീഴ് ഇൻസ്പെക്ടർ ജയകുമാറാണ് അന്വേഷിച്ച് കുറ്റപത്രം നൽകിയത്. 16 സാക്ഷികളെ വിസ്തരിച്ചു. 15 രേഖകളും ഹാജരാക്കി. സ്പെഷ്യൽ പ്രോസിക്യൂട്ടർ ഡി ആർ പ്രമോദ് ഹാജരായി.

KERALA STATE CO-OPERATIVE CONSUMERS FEDERATION LTD.
Gandhi Nagar, Cochin-682020. Ph: 0484-2203507

അറിയിപ്പ് 14.11.2023

കൺസ്യൂമർഫെഡിന്റെ റീജിയണൽ പർച്ചേസ് കമ്മറ്റികൾ ചേരുന്ന സ്ഥലവും സമയവും തീയതിയും ചുവടെ ചേർക്കുന്നു.

സ്ഥലം	തീയതി	സമയം	ഫോൺ നമ്പർ
മലപ്പുറം: എടപ്പാൾ	27.11.2023	11.00 AM	8281898324
കൊല്ലം: കരിക്കോട്	23.11.2023	11.00 AM	8281898314
കോഴിക്കോട്: മുതലക്കുളം	24.11.2023	11.00 AM	8281898323
കണ്ണൂർ: ഫോർട്ട് റോഡ്	23.11.2023	11.00 AM	8281898325

ത്രിവേണി സൂപ്പർമാർക്കറ്റുകളിലേക്ക് വിൽപനക്കാവശ്യമായ പലചരക്ക്, കോസ്മെറ്റിക്സ്, സ്റ്റേഷനറി, ഹൗസ് ഹോൾഡ്, വെജിറ്റബിൾസ് തുടങ്ങിയ സാധനങ്ങൾ വിതരണം ചെയ്യാൻ താത്പര്യമുള്ള വിതരണക്കാർ വിലവിവരം, സാമ്പിൾ എന്നിവ അടങ്ങിയ ക്വട്ടേഷൻ സഹിതം കമ്മറ്റിയിൽ പങ്കെടുക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പറിൽ ബന്ധപ്പെടുക.

(ഒപ്പ്) മാനേജിംഗ് ഡയറക്ടർ

KERALA STATE CO-OPERATIVE CONSUMERS FEDERATION LTD.
Gandhi Nagar, Cochin-682020. Ph: 0484-2203507

അറിയിപ്പ് 14.11.2023

കൺസ്യൂമർഫെഡിന്റെ റീജിയണൽ പർച്ചേസ് കമ്മറ്റികൾ ചേരുന്ന സ്ഥലവും സമയവും തീയതിയും ചുവടെ ചേർക്കുന്നു.

സ്ഥലം		തീയതി	സമയം	ഫോൺ നമ്പർ
എറണാകുളം: കടവന്ത്ര		22.11.2023	11.00 AM	8281898316
പാലക്കാട്: നൂറണി		28.11.2023	11.00 AM	8281898318
പത്തനംതിട്ട: അബാൻ ജം.		27.11.2023	11.00 AM	8281898311
ആലപ്പുഴ: പറവൂർ		22.11.2023	11.00 AM	8281898315
കോട്ടയം: നാഗമ്പടം		21.11.2023	11.00 AM	8281898320
തൃശ്ശൂർ: ആനക്കല്ല്	Grocery, Pulses	25.11.2023	11.00 AM	8281898317
	Medicines	27.11.2023		

ത്രിവേണി സൂപ്പർമാർക്കറ്റുകളിലേക്ക് വിൽപനക്കാവശ്യമായ പലചരക്ക്, കോസ്മെറ്റിക്സ്, സ്റ്റേഷനറി, ഹൗസ് ഹോൾഡ്, തുടങ്ങിയ സാധനങ്ങളും നീതി മെഡിക്കൽ സ്റ്റോറുകളിലേക്ക് ആവശ്യമായ സർജിക്കൽ/ ജനറിക്/ വെറ്ററിനറി തുടങ്ങിയ മരുന്നുകളും വിതരണം ചെയ്യാൻ താത്പര്യമുള്ള വിതരണക്കാർ വിലവിവരം, സാമ്പിൾ എന്നിവ അടങ്ങിയ ക്വട്ടേഷൻ സഹിതം കമ്മറ്റിയിൽ പങ്കെടുക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പറിൽ ബന്ധപ്പെടുക.

(ഒപ്പ്) മാനേജിംഗ് ഡയറക്ടർ